"ഭരണഭാഷ മാതൃഭാഷ"

നം.എച്ച്(2)/44444/2017/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 02..08..2017.

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും.

സർ,

വിഷയം:- **പൊതുവിദ്യാഭ്യാസം – എയ്ഡഡ് –അധ്യാപക ബാങ്ക് 2017-18 – നവീകരിച്ച് അന്തിമമാക്കൽ സംബന്ധിച്ച്.**

സൂചന:-
1) 19-06-2017 ലെ സ.ഉ.(കൈയെഴുത്ത്) നമ്പർ 57/2017/പൊ.വി.വ.
2) 29-01-2016 ലെ സ.ഉ.(പി) നമ്പർ 29/2016/പൊ.വി.വ.
3) 05-08-2016 ലെ സ.ഉ.(പി) നമ്പർ 134/2016/പൊ.വി.വ.
4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20-06-2017 ലെ പരിപത്രം നമ്പർ എച്ച്2/34017/2017.
5) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21-01-2017, 10-02-2017, 29-04-2017 തീയതികളിലെ കത്തുകൾ നമ്പർ എച്ച്2/35985/2016/ഡി.പി.ഐ.
6) 01-07-2017-ലെ ഇതേ നമ്പർ കത്ത്.

****

സംസ്ഥാനത്തെ സ്കൂളുകളിലെ 2017-18 ലെ തസ്തികനിർണയ പ്രവർത്തനങ്ങളെല്ലാം അവസാനിച്ചിരിക്കുകയാണ്. താൽക്കാലികമായാണെങ്കിൽപോലും മുഴുവൻ സംരക്ഷിത ജീവനക്കാരെയും പുനർവിന്യസിച്ച് എല്ലാവർക്കും ഒരു ദിവസംപോലും മുടങ്ങാതെ ശമ്പളം ഉറപ്പാക്കാനും നമുക്കു കഴിഞ്ഞു. ഇനി അവശേഷിക്കുന്നത് ഈ വർഷം 1:40 അനുപാതത്തിലെ തസ്തികകളിലും മറ്റും മാതൃവിദ്യാലയത്തിലേക്ക് തിരികെയെത്തിയ സംരക്ഷിത ജീവനക്കാരെ ഒഴിവാക്കിയും, പുതുതായി ആരെയെങ്കിലും കൂട്ടിച്ചേർക്കാനുണ്ടെങ്കിൽ കൂട്ടിച്ചേർത്തും, നിലവിലുള്ളവയിലെ തെറ്റുകൾ തിരുത്തിയും അധ്യാപകബാങ്ക് നവീകരിക്കുക എന്നതാണ്. **ഇതിനായി 03-08-2017 മുതൽ 09-08-2017 വരെയുള്ള ഏഴുദിവസങ്ങളിൽ അധ്യാപക ബാങ്ക്, ഐ.ടി. @ സ്കൂൾ വെബ് സൈറ്റിൽ ലഭ്യമാക്കുന്നതായിരിക്കും. ലിസ്റ്റിലെ ഒഴിവാക്കൽ/കൂട്ടിച്ചേർക്കൽ/എഡിറ്റിംഗ് ജോലികൾ എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും 08-08-2017 ന് വൈകീട്ട് 5 മണിക്ക്മുമ്പ് പൂർത്തിയാക്കി സേവ് ചെയ്യണം. ആഗസ്റ്റ് 9 ന് (അതിനുമുൻപും ആകാം) വിദ്യാഭ്യാസ ഉപഡയറക്ടർമാർ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ജില്ലയിലെ അധ്യാപക ബാങ്കിലെ പുതുതായി ചെയ്ത ഓരോ എൻട്രിയും കൺഫേം ചെയ്യണം. 10-08-2017 ന് 2017-18 ലെ അന്തിമ അധ്യാപക ബാങ്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.**

## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- സൂചനയിലെ കത്തുകൾ ഒരുവട്ടം കൂടി വായിച്ച് നിർദേശങ്ങൾ ഉൾക്കൊണ്ടതിനു ശേഷം മാത്രമേ അധ്യാപക ബാങ്കിൽ ഒഴിവാക്കൽ/കൂട്ടിച്ചേർക്കൽ/എഡിറ്റിംഗ് നിർവഹിക്കാൻ തുടങ്ങാവൂ.
- 1:40 അനുപാതത്തിൽ തസ്തിക സൃഷ്ടിച്ചും മറ്റും മാതൃവിദ്യാലയത്തിൽ മടങ്ങിയെത്തിയവരെ മുഴുവൻ അധ്യാപക ബാങ്കിൽ നിന്ന് ഒഴിവാക്കണം. (1:1 തുടങ്ങിയ സംരക്ഷിത ജീവനക്കാരെ നിയമിക്കേണ്ട തസ്തികകളിലാണ് മടങ്ങിയെത്തിയതെങ്കില അവരുടെ പേര് നിർബന്ധമായും അധ്യാപക ബാങ്കിൽ നിലനിർത്തുകയും വേണം).
- കഴിഞ്ഞ തവണ (12-7-2017) ലിസ്റ്റിൽ ചേർക്കാൻ വിട്ടുപോയവരെ ഇപ്പോൾ ഉൾപ്പെടുത്തേണ്ടതാണ്.
- സംരക്ഷണത്തിന് അർഹതയുള്ള റഗുലർ സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് തസ്തിക നഷ്ടമായാൽ അവരെ മറ്റൊരു സ്കൂളിൽ കൂടി ക്ലബ് ചെയ്തു നിലനിർത്തുന്നതിനാൽ അവരുടെ പേരുവിവരം അധ്യാപക ബാങ്കിൽ ഉൾപ്പെടുത്തേണ്ടതില്ലെന്നും, അത്തരം അധ്യാപകരുടെ ലിസ്റ്റ് പ്രത്യേകം സൂക്ഷിക്കണമെന്നും നിർദേശം നൽകിയിരുന്നു. എന്നാൽ ആലപ്പുഴ, കോട്ടയം, ഇടുക്കി, കണ്ണൂർ, വയനാട് ഒഴികെയുള്ള മറ്റെല്ലാ ജില്ലകളുടെയും അധ്യാപക ബാങ്കിൽ റഗുലർ സ്പെഷ്യലിസ്റ്റ് അധ്യാപകർ ഉൾപ്പെട്ടതായി കാണുന്നു. *(ആലപ്പുഴ, കോട്ടയം, ഇടുക്കി, കണ്ണൂർ, വയനാട് ജില്ലകളിലെ ബന്ധപ്പെട്ട ജീവനക്കാർക്ക് അഭിനന്ദനങ്ങൾ).* ഈ തെറ്റ് തിരുത്തി അവരെ ഒഴിവാക്കണം (എന്നാൽ അധ്യാപക പാക്കേജ് വഴി പൂളിംഗ് അടിസ്ഥാനത്തിൽ സർക്കാർ സ്കൂളിലും മറ്റും ജോലി നോക്കുന്ന സ്പെഷ്യലിസ്റ്റ് അധ്യാപകർ അധ്യാപക ബാങ്കിൽ നിർബന്ധമായും ഉൾപ്പെടുകയും വേണം. ഇവരുടെ തസ്തികയിൽ 'Package' എന്നുകൂടി ചേർത്തിട്ടുള്ള കാര്യം ഓർക്കുക (ഉദാ: Music Teacher (HS-Package).
- 'Whether deployed or not' എന്ന കോളത്തിൽ എയ്ഡഡ് സ്കൂളിൽ സ്ഥിരം ഒഴിവുകളിൽ പുനർവിന്യസിക്കപ്പെട്ടവരുടെ കാര്യത്തിൽ മാത്രമേ 'Yes' ചേർക്കാവൂ. എയ്ഡഡ് സ്കൂളുകളിലെ താൽക്കാലിക ഒഴിവുകളിലും സർക്കാർ സ്കൂളുകളിലും മറ്റും പുനർവിന്യസിക്കപ്പെട്ടവരുടെ കാര്യത്തിൽ 'No' തന്നെയാണ് ചേർക്കേണ്ടത്.
- അധ്യാപക പാക്കേജ് വഴി വന്ന സി.ആർ.സി. കോ-ഓർഡിനേറ്റർമാരുടെ കാര്യത്തിൽ കണ്ണൂർ ജില്ല മാത്രമേ ടി കോളത്തിൽ പൂർണ്ണമായും ശരിയായി എൻട്രി നടത്തിയിട്ടുള്ളൂ. *(സ്പെഷ്യലിസ്റ്റ് അധ്യാപകരുടെയും സി.ആർ.സി. കോ-ഓർഡിനേറ്റർമാരുടെയും കാര്യത്തിൽ ശരിയായ എൻട്രി നടത്തിയ ഒരേ ഒരു ജില്ല കണ്ണൂർ മാത്രമാണ്. ജില്ലയിലെ ബന്ധപ്പെട്ട ജീവനക്കാർക്ക് അഭിനന്ദനങ്ങൾ).* അധ്യാപക

പാക്കേജ് വഴി നിയമിതരായ സി.ആർ.സി. കോ-ഓർഡിനേറ്റർമാർ മുഴുവൻ deploy ചെയ്യപ്പെട്ടവരാണ്. അവരുടെ മാതൃവിദ്യാലയത്തിൽ ഒഴിവ് ഉണ്ടാകുമ്പോൾ മാത്രമേ അവർക്ക് മടങ്ങിപ്പോകാൻ കഴിയൂ. മറ്റൊരു പുനർവിന്യാസം അവർക്കില്ല. ആയതിനാൽ സി.ആർ.സി. കോ-ഓർഡിനേറ്റർമാരുടെ കാര്യത്തിൽ 'Whether deployed or not' എന്ന കോളത്തിൽ 'Yes' എന്നു തന്നെ ചേർക്കണം. ഒരാളിനു പോലും 'No' എന്നു ചേർക്കരുത്.

- ജില്ലയിൽ/ഉപജില്ലയിൽ സേവ് ചെയ്ത ഒരു വിവരത്തിൽ പിന്നീട് എഡിറ്റിംഗ് ആവശ്യമായി വന്നാൽ റീ-സെറ്റ് ചെയ്യുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടറെ സമീപിച്ചാൽ മതി.
- 12-07-2017-ന് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ഉപഡയറക്ടർമാരും സേവ്/കൺഫേം ചെയ്ത വിവരങ്ങൾ **പ്രസ്തുത സേവ്/കൺഫേം നീക്കം ചെയ്യാതെയാണ് സൈറ്റിൽ ലഭ്യമാക്കുന്നത്.** ആയതിനാൽ എഡിറ്റ്/ഡിലീറ്റ് ചെയ്യേണ്ട ജീവനക്കാരുടെ വിവരങ്ങൾ മാത്രം റീ-സെറ്റ് ചെയ്ത് നൽകാൻ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറോട് ആവശ്യപ്പെടേണ്ടതാണ്. പുതിയ സംരക്ഷിത ജീവനക്കാരുടെ വിവരങ്ങൾ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് തന്നെ ചേർക്കാവുന്നതാണ്. 12-07-2017 ന് സേവ്/കൺഫേം ചെയ്ത വിവരങ്ങൾ (മാറ്റം വരുത്താത്തത്) അതേ പടി തുടരുന്നതാണ്. **വിദ്യാഭ്യാസ ഉപഡയറക്ടർ ഇപ്പോൾ കൺഫേം ചെയ്യേണ്ടത് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പുതുതായി ചേർക്കുന്ന വിവരങ്ങൾ മാത്രമാണ്.** ഇതു വളരെ കുറച്ചുമാത്രമേ ഉണ്ടാകൂ (മുൻപ് സേവ്/കൺഫേം ചെയ്ത നില നീക്കം ചെയ്ത് അധ്യാപക ബാങ്ക് ലഭ്യമാക്കിയാൽ എല്ലാ എൻട്രിയും സേവ്/കൺഫേം ചെയ്യേണ്ടിവരുമായിരുന്നു. എന്നാൽ ഇപ്പോൾ ഒഴിവാക്കുന്ന/കൂട്ടിച്ചേർക്കുന്ന/എഡിറ്റ് ചെയ്യുന്ന വിവരങ്ങൾ മാത്രം സേവ്/കൺഫേം ചെയ്താൽ മതി. മറ്റുള്ള സേവ്/കൺഫേം നില അതേപടി തുടരുന്നതാണ്).
- **നിലവിലുള്ള അധ്യാപക ബാങ്കിൽ മാറ്റമൊന്നും വരുത്താനില്ലെങ്കിൽ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രസ്തുത വിവരം വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിച്ചാൽ മതി. ഇവർ നിർദിഷ്ട സമയപരിധിയിൽ സൈറ്റിൽ പ്രവേശിക്കാതിരിക്കുക.** (അധ്യാപക ബാങ്കിൽ മാറ്റമൊന്നും വരുത്തേണ്ടതില്ലെന്ന് അറിയിക്കുന്ന ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ കത്തുകൾ ഉപഡയറക്ടർ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്).

- മേൽപറഞ്ഞ ജോലികൾ പൂർത്തിയാക്കാൻ ഇത്തവണ ആവശ്യത്തിലേറെ സമയം നൽകിയിട്ടുള്ള കാര്യം പ്രത്യേകം ശ്രദ്ധിക്കുക. ആയതിനാൽ 9-8-2017 ന് ഇത് നിർബന്ധമായും അവസാനിച്ചിരിക്കണം. യാതൊരു വിധത്തിലുള്ള തെറ്റുകളും കടന്നുകൂടാത്ത അധ്യാപക ബാങ്ക് ആകണം നമുക്ക് 10-8-2017 ന് പ്രസിദ്ധീകരിക്കേണ്ടത്. അതിന് എല്ലാ തലത്തിലും അതീവ ജാഗ്രത ഉണ്ടാകണം. ആഗസ്റ്റ് 9 നു ശേഷം അധ്യാപക ബാങ്കിൽ ഉൾപ്പെട്ടില്ലെന്നോ, അനർഹർ ഉൾപ്പെട്ടുവെന്നോ ഒക്കെയുള്ള പരാതികൾ ലഭിച്ചാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തന്നെയാകും അതിന് ഉത്തരവാദിത്തം വഹിക്കേണ്ടിവരിക എന്ന കാര്യം പ്രത്യേകം ഓർക്കുക.

- നിർദിഷ്ട സമയക്രമത്തിൽ യാതൊരു മാറ്റവും വരുത്തുന്നതല്ല.

വിശ്വസ്തതയോടെ,

**ജെസ്സി ജോസഫ്**
**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**
(പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി)

എ.റ്റി.2/8